(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര സമഗ്ര ശുദ്ധ ജല പദ്ധതിയുടെ പണികൾ എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) ബാക്കി വരുന്ന പണികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര ശുദ്ധജലവി തരണ പദ്ധതിയുടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഗ്രാവിറ്റി മെയിൻ, പമ്പിംഗ് മെയിൻ എന്നിവ പൂർത്തീകരിച്ചു. വിതരണ ശൃംഖലയുടെ പണികൾ പുരോഗമിച്ചുവരുന്നു. ഉറവിടത്തിന്റെ പണികൾ ആരംഭിച്ചുവെങ്കിലും ഡാമിൽ നിന്നും കനാലിലേക്കുള്ള വെള്ളം തുറന്നുവിട്ടതുമൂലം പണികൾ തടസ്സപ്പെടുകയും തുടർന്ന് പണികൾ നിർത്തി വച്ചിരിക്കുകയുമാണ്.

(ബി) 2006 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരി ക്കുന്നത്.

ശ്രീ. വി. കെ. ഷാജിക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ റേഡിയേഷൻ വർക്ക് ചെയ്യുന്നതിനുള്ള അംഗീകാരം

87(1363) ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ. വി. കെ. ഷാജി, ഡയറക്ടർ, ആർ.ആർ.പി.എസ്. പാലക്കാട്, റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ റേഡിയേഷൻ പ്രൊട്ടക്ഷൻ വർക്കുകൾ ചെയ്യുന്നതിന് അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്ത മാക്കാമോ?

ഉത്തരം

ശ്രീ. വി. കെ.ഷാജി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോ ധിക്കുകയുണ്ടായി. റേഡിയേഷൻ പ്രൊട്ടക്ഷൻ വർക്കുകൾ ചെയ്യുന്നതിന് നിലവി ലുള്ള സംവിധാനം പര്യാപ്തമാണ്. അതുകൊണ്ടുതന്നെ സ്വകാര്യ വ്യക്തികൾക്ക് ഇതു സംബന്ധിച്ച് അനുമതി നൽകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഗാർഹിക ഉപഭോക്താക്കളുടെ വെള്ളക്കരം പിരിക്കലും നടത്തിപ്പും

88(1364) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഗാർഹിക ഉപഭോക്താക്കളുടെ വെള്ളക്കരം പിരിക്കലും നടത്തിപ്പും ഗ്രാമപഞ്ചായത്തുകൾക്ക് പൂർണ്ണമായും കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതു വരെ എത്ര ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്;

(ബി) ആയതിനാൽ സാമ്പത്തികശേഷിയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം വാട്ടർ അതോറിറ്റി നടത്തിയിരുന്ന ജലവിതരണ സമ്പ്രദായം ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ;

(സി) ഗ്രാമപഞ്ചായത്തുകൾ ശുദ്ധജല വിതരണം കൈമാറുന്നതിന് മുമ്പ് പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ സമ്മപത്രം എഴുതി വാങ്ങാൻ സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന 1050 ഏക പഞ്ചായത്തു പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാൻ തീരുമാനിച്ചതിൽ നാളിതുവരെ 184 പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ 1050 പദ്ധതികളിൽപ്പെടാത്ത 119 പദ്ധതികൾകൂടി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. (ആകെ 303 പദ്ധതികളുടെ നടത്തിപ്പും വെള്ളക്കരം പിരിക്കലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്).

(ബി, സി) കുടിവെള്ളപദ്ധതികളുടെ കൈമാറ്റം രണ്ട് ഘട്ടങ്ങളിലായി നടപ്പിൽ വരുത്താനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ പദ്ധതികൾ ഏറ്റെടുക്കാൻ തയ്യാറാകുന്ന പഞ്ചായത്തുകളെ മാത്രമേ പരിഗണിക്കുകയുള്ളൂ. കേരള വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ കുടിവെള്ള പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതം എഴുതി വാങ്ങുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകുന്ന തുക

89(1365) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീ. എം. എം. ഹസ്സൻ:

ശ്രീ. കെ. സുധാകരൻ:

ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly